
# മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്




**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**

**ഒക്കൽ പഞ്ചായത്ത്**

**വാർഡ്- 6 കൂടാലപ്പാട്ഈസ്റ്റ്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ല് വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ല് പാര്ലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ല് നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകള് ഈ നിയമത്തിന്റെ പരിധിയില് വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവര്ഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴില് ദിനങ്ങള് ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുര്ബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തില് കൂട്ടി ചേര്ക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളില് വരുത്തുന്ന ഭേദഗതികള് സംസ്ഥാന പദ്ധതിയിലും ഉള്ക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികള്ക്ക് ഒരു കൂട്ടം അവകാശങ്ങള് നല്കുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

- തൊഴിലുറപ്പ് നിയമപ്രകാരം ഒരു വ്യക്തിക്ക് 100 തൊഴിൽ എന്നാണ്. എന്നാൽ മീറ്റിംഗിൽ നിന്നും മനസിലാക്കാൻ സാധിച്ചത് 100 പണി കിട്ടയവർ ആരും തന്നെയില്ല എന്നാണ്.
- തൊഴിലുറപ്പ് നിയമപ്രകാരമുള്ള 10 അവകാശങ്ങളെ കുറിച്ച് തൊഴിലാളികൾക്ക് ധാരണ ഇല്ലായിരുന്നു.
- തൊഴിൽ സ്ഥലത്തു വെച്ച് അപകടം സംഭവി ച്ചാൽ ചികിത്സ സഹായം ലഭിക്കുന്നതിനെ കുറിച്ച് തൊഴിലാളികൾക്ക് അറിവുണ്ടായിരുന്നില്ല.
- ഡിമാൻഡ് വെച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചിട്ടില്ല.
- തൊഴിൽ കാർഡ് അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല.
- കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ എന്നിവ സൈറ്റിൽ ലഭിക്കുന്നുണ്ട്.
- ബൂട്ട്, കൈയുറ എന്നിവ ലഭിക്കുന്നില്ലെന്ന് പരാതിപ്പെട്ടു.
- *തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.
- എല്ലാ തൊഴിലാളികളുടെയും തൊഴിൽ കാർഡിൽ കാർഡ് നമ്പർ, സീൽ, ഫോട്ടോ ഉണ്ടായിരുന്നു.
- കൂടുതൽ തൊഴിലാളികളുടെ ബാങ്ക് പാസ്സ്ബുക്കിൽ അക്കൗണ്ട് ട്രാൻസാക്ഷൻസ് പതിപ്പിച്ചിട്ടില്ലായിരുന്നു.

<u>**പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ**</u>

| ക്രമ നമ്പർ | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് |
|---|---|---|
| 1 | IF/147301 | കിണർ നിർമ്മാണം |
| 2 | DW/149805 | കിണർ നിർമ്മാണം |
| 3 | IF/381849 | കിണർ നിർമ്മാണം |
| 4 | IF/353388 | കിണർ നിർമ്മാണം |
| 5 | FP/306848 | പ്രകൃതി ക്ഷോഭവും വെള്ളപ്പൊക്കവും ബാധിച്ച ദുരിധ ബാധിത പ്രദേശങ്ങളിൽ കാന കളുടെയും തോടുകളുടെയും പുനരുദ്ധാരണം |
| 6 | WC/334902 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ |
| 7 | IC/317823 | പെരിയാർവാലി കനാൽ പുനരുദ്ധാരണം |
| 8 | LD/236494 | കൃഷി വകുപ്പുമായി |

| | | |
|---|---|---|
| | | സംയോജിച്ച് jlg പാട്ടത്തിനെടുത്ത സ്ഥലം കൃഷിക്കനുയോജ്യം ആക്കൽ റീച്ച് 2 |
| 9 | DP/171786 | പൊതു സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നടീലും സംരക്ഷണവും |
| 10 | IF/313973 | ക്ഷീര വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽകൃഷിക്ക് നിലമൊരുക്കൽ |
| 11 | FR/247119 | മത്സ്യ വകുപ്പുമായി സംയോജിച്ച് മത്സ്യകൃഷിക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ |

## ഫയൽ പരിശോധന

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ വർക്കിനും പ്രത്യേകം ഫയല് സൂക്ഷിക്കേണ്ടതാണ്. അതില് ഓരോ ഫയലിനും 22 ഡോകുമെന്റ്സ് ഉണ്ടായിരിക്കണം. ഈ 22 ഡോകുമെന്റ്സ് പരിശോധിച്ച വിവരങ്ങൾ.

<u>കവർ പേജ്</u>

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക് ഫയലിൽ ഉണ്ടാകേണ്ടതാണ് കവർ പേജ്. പരിശോധിച്ച 11 ഫയലുകളിലും AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.

* 11 ഫയലുകളിലും സോഷ്യൽ ഓഡിറ്റ് കണ്ട ക്ക് ചെയ്ത് ഡീറ്റെയിൽസ് ലഭ്യമായിരുന്നില്ല

ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട രേഖയാണ് ചെക്ക് ലിസ്റ്റ്.
പരിശോധിച്ച് 11 ഫയലുകളിലും ചെക്ക് ലിസ്റ്റ് ഡോക്യുമെന്റസ് ഉണ്ടായിരുന്നു. പക്ഷേ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല.

ആക്ഷൻപ്ലാൻ കോപ്പി

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി.ഗ്രാമസഭ നിർദ്ദേ.ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും.
എന്നാൽ പരിശോധിച്ച് 11 ഫയലിലും ആക്ഷൻപ്ലാൻ കോപ്പി ഇല്ലായിരുന്നു.

**എസ്റ്റിമേറ്റ്**

ഒരു പ്രവർത്തി എങ്ങനെ, എത്ര അളവിന് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധനക്ക് വിദേയമാക്കിയ എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു
സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അതായത് ജനകീയ എസ്റ്റിമേറ്റ് ഈ പദ്ധതിയുടെ ഫയലിൽ സൂക്ഷിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഇത് ഒറ്റ ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല. എല്ലാ ഫയലുകളിലും സെക്യൂർ നിന്നെടുത്ത എസ്റ്റിമേറ്റിന്റെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.എസ്റ്റിമേറ്റ്നൊപ്പം എസ്റ്റിമേറ്റ് കവർ പേജ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിങ് ആൻഡ് ഡിസൈൻ എന്നിവ ഉൾപെടുത്തേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ ചിലതിൽ മാത്രമേ ഇവ ഉണ്ടായിരുന്നുള്ളു.**സി ഐ ബി ചിലവ് പ്രത്യേകം കാണിച്ചിരുന്നു.**

**<u>സാങ്കേതിക അനുമതി</u>**

ഒരു പ്രവർത്തിക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി

പരിശോധിച്ച 11 ഫയലുകളിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നു

ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്. സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ, തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

<u>ഭരണാനുമതി</u>

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി.

ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.

പരിശോധിച്ച 11 ഫയലിലും ഭരണാനുമതി ഉണ്ടായിരുന്നു. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

<u>സംയോജിത പദ്ധതി</u>

പരിശോധിച്ച ഒരു ഫയൽ ക്ഷീര വകുപ്പുമായി സംയോജിച്ചുള്ള തീറ്റപ്പുൽ കൃഷി ആയിരുന്നെങ്കിലും അതിന്റെ ഡോക്യൂമെന്റസ് ഒന്നും ഫയലിൽ കാണാൻ സാധിച്ചില്ല. മത്സ്യ വകുപ്പുമായി സംയോജിച്ചുള്ള മത്സ്യ കൃഷിയിലും അതിന്റെ ഡോക്യൂമെന്റസ് ഒന്നും കാണാൻ സാധിച്ചില്ല.

<u>തൊഴിലിനുള്ള അപേക്ഷ</u>

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്

പരിശോധിച്ച 11 ഫയലുകളിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു. കിണർ നിർമാണത്തിന് എഴുതി തയ്യാറാക്കിയ വ്യക്തിഗത ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

<u>പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം</u>

പ്രവർത്തി നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം. പ്രവർത്തിയുടെ പേരും സ്ഥലവും തൊഴിലാളികളുടെ ഡീറ്റെയിൽസും കാണിച്ചിരുന്നു. പരിശോധിച്ച് 11 ഫയലിൽ 5 എന്നതിൽ മാത്രം തൊഴിൽ അനുവദിച്ചത് സംബന്ധിച്ച് ഫോം ഉണ്ടായിരുന്നത്.

<u>ഇ മസ്റ്റർ റോൾ</u>

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റര് റോള്. പരിശോധിച്ച 11 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു . ഇതിൽ തൊഴിലാളികൾ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളുടെ ഇമസ്റ്റര്റോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല .
ഫയലിലെ മസ്റ്റർ റോൾ FTOകു അനുപതികമായിരുന്നു.

<u>മെഷർമെന്റ് ബുക്ക്</u>

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു
മെസുരേമെന്റ് ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്യേണ്ടതാണ് പരിശോധിച്ച എല്ലാ ഫയലുകളിലും സെർറിഫൈ ചെയ്യിട്ടുണ്ട്.

<u>മെറ്റീരിയൽ ബിൽ വൗച്ചർ</u>

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.
പരിശോധിച്ച 11 ഫയലുകളും മെറ്റീരിയൽ വർക്ക് ആയിരുന്നില്ല.

## വേജ് ലിസ്റ്റ്

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത് വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്. പരിശോധിച്ച ഫയലുകളിൽ 11 ഫയലുകളിലും വെജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .
പരിശോധിച്ച എല്ലാ ഫയലിലും FTO ഉണ്ടായിരുന്നു.

## പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുവാന് ഉപകരിക്കുന്ന ഒരു രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അഥവാ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം .പരിശോധിച്ച 11 ഫയലിലും
വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരുന്നു എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സീൽ, സൈൻ ഡേറ്റ് എന്നിവ എല്ലാത്തിലും കാണാൻ സാധിച്ചില്ല.

**<u>മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്</u>**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും , മാസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന് മനസിലാക്കാനുള്ള രേഖയാണ് മാസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്.

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പിൽ കൃത്യമായി ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ ചില ഫയലുകയിൽ ഉണ്ടായിരുന്നില്ല

**<u>ഫോട്ടോഗ്രാഫ്</u>**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു .
പരിശോധിച്ച് 11 ഫയലുകളിൽ 6 എണ്ണത്തിൽ ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നില്ല. മറ്റ് ഫയലുകളിൽ പ്രവർത്തി തുടങ്ങുന്നതിനുമുമ്പ് നടന്നുകൊണ്ടിരിക്കുമ്പോൾ നടന്നതിനു ശേഷം ഉള്ള ഫോട്ടോഗ്രാഫ് സൂക്ഷിച്ചിരുന്നു**.**

**<u>റോയൽറ്റി</u>**

പരിശോധിച്ച 11 ഫയലുകളിൽ 3 ഫയൽ ഒഴികെ (കനാൽ, കാന കളും തോടുകളുടെയും പുനരുദ്ധാരണം, പൊതു സ്വകാര്യ ഭൂമിയിൽ വൃക്ഷ തൈകൾ നടിയിലും സംരക്ഷണവും )എല്ലാത്തിനും റോയൽറ്റി ഡോക്യൂമെന്റസ് സൂക്ഷിച്ചിരുന്നു.

**<u>ജിയോ ടാഗ്ഗ് ഫോട്ടോസ്</u>**

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാൽ ഇവ ഈ ഫയലിൽ കണ്ടെത്തിയില്ല.

**<u>സൈറ്റ് ഡയറി</u>**

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി.
ഒരു ഫയൽ ഒഴികെ ബാക്കി എല്ലാ ഫയലും വളരെ വ്യക്തമായി സൈറ്റ് ഡയറി രേഖപ്പെടുത്തിയിരുന്നു. ചില സൈറ്റ് ഡയറിയിൽ ചികിത്സാചെലവ് പ്രോജക്ട് മീറ്റിംഗ് മിനിട്ട്സ് എന്നിവ ഉണ്ടായിരുന്നില്ല.

, തൊഴിലാളികളുടെ സാഷ്യപത്രം, തൊഴിലുപകരണങ്ങളുടെ വാടക,പദ്ധതിചെലവ്, VMC റിപ്പോർട്ട് , സന്ദർശന കുറിപ്പ് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് .

## <u>രജിസ്റ്ററുകളുടെ പരിശോധന</u>

### കംപ്ലയിന്റ് രജിസ്റ്റർ

സെപ്റ്റംബർ 2012-ജൂൺ 2019 വരെയുള്ള പരാതികൾ ആണ് രേഖപെടുത്തിയിരുന്നത്. സെപ്റ്റംബർ 2012 മുതൽ 2017 വരെയുള്ള കംപ്ലയിന്റ് 3/2/17 ൽ ജോയിന്റ് BDO സൈൻ വെച്ച് വേരിഫൈ ചെയ്തിട്ടുണ്ട്. 2019 കംപ്ലയിന്റ് വേരിഫൈ ചെയ്തിട്ടില്ല.
സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല.

### ഗ്രാമസഭ മിനുട്ട് രജിസ്റ്റർ

- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2013 - 2018 വർഷത്തെ ഗ്രാമസഭ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.

### ഡിമാൻഡ് അലോകേഷൻ രജിസ്റ്റർ

- രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടില്ല
- ഒക്കൽ പഞ്ചായത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ കാർഡ് നമ്പറും വ്യക്തികളുടെ ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്.
- ആകെ 85 വ്യക്തികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- തൊഴിൽ കാർഡ് നമ്പർ, തൊഴിൽ അവശ്യപെട്ട തിയതി, പ്രദേശം, വ്യക്തി, ദിവസം രേഖപെടുത്തിയിട്ടുണ്ട്. കൂടാതെ തൊഴിൽ നൽകിയതിനെ കുറിച്ചും, പ്രവൃത്തി, ദിവസം ബന്ധപെട്ട വിവരങ്ങളും ചേർത്തിട്ടുണ്ട്.
- അതിൽ നിന്നും ഡിമാൻഡ് കൊടുത്തു 15 ദിവസത്തിനുള്ളിൽ തൊഴിൽ കിട്ടിയെന്ന് മനസിലാക്കാൻ സാധിക്കും.

## തൊഴിൽ കാർഡ്

- 198 വർക്കേഴ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- രജിസ്റ്റർ ചെയ്തവരുടെ ഫോട്ടോ സഹിതം എല്ലാ ഡീറ്റെയിൽസ് രേഖപെടുത്തിയിട്ടുണ്ട് (പേര്, വയസ്, ജണ്ടർ, അഡ്രെസ്സ്, ബാങ്ക് ഡീറ്റെയിൽസ്, രെജിസ്ട്രേഷൻ ഡേറ്റ്, രെജിസ്ട്രേഷൻ നമ്പർ, )

## വർക്ക് രജിസ്റ്റർ

- 2018-2019 വർഷത്തെ ആയിരുന്നു.
- രജിസ്റ്റർ സർട്ടിഫൈ ചെയ്തിരുന്നില്ല.
- **ആസ്തി രജിസ്റ്റർ**
- വർക്ക് കോഡ്, വർക് തീർന്ന തിയതി, അസറ്റ് പേര്, തുടങ്ങിയ എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിരുന്നു. ഓഡിറ്റ് കാലയളവിലുള്ള അസറ്റ് ഡീറ്റൈൽസും കാണാൻ സാധിച്ചു.

## മെറ്റീരിയൽ രജിസ്റ്റർ

2018-2019 ലെ മെറ്റീരിയൽ രെജിസ്റ്റർ ആണ് കണ്ടത്. MIS നിന്നുള്ള കോപ്പിയാണ്. എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിട്ടുണ്ട്.

## <u>വർക്ക്കളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ</u>

## <u>1. കിണർ നിർമാണം</u>

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച | പ്രവർത്തി അവസാനി | എസ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തിയതി | ച്ച തിയതി | | |
| IF/147301 | കിണർ നിർമാണം | 05/12/18 | 21/12/18 | 27500 | 25336 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | റിമാർക്സ് |
|---|---|---|---|---|
| 1 | റീന സജീവ് | കിണർ നിർമാണം | 7.631 m3 | മെഷർമെറ്റ് ബുക്ക് പ്രകാരം ഉള്ള ലെങ്ത്, ബ്രെഡ്ത് ഉണ്ടായിരുന്നു. |
| 2 | സജിത രാജൻ | കിണർ നിർമാണം | 7.631 m3 | കിണർ പണി ഭാഗികം ആയീ വേസ്റ്റ് മൂടി കിടക്കുന്നു. കാരണം 5 കോൽ താഴ്ത്തിയപ്പോഴേക്കും പാറ കണ്ടു. പാറ പൊട്ടിക്കാൻ സാധിക്കാത്തതുകൊണ്ട് പണി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്ന് വീട്ടുകാർ പറഞ്ഞു. അർദ്ധ വിദഗ്ദ തൊഴിലാളിയുടെ വേതനം ലഭിച്ചിട്ടില്ല. |

.

- മിഷർമെൻറ് ബുക്ക് പ്രകാരം രണ്ടു കിണറുകൾക്കും കൂടിയുള്ള തുകയും അളവുകളും ഒരുമിച്ച് ആണ് രേഖപെടുത്തിയിരിക്കുന്നത്.
- അവിദഗ്ദ്ധ തൊഴിലാളികടെ വേതനമായ 4336 രൂപയാണ് ലഭിച്ചിട്ടുള്ളത്.
- അർദ്ധ വിദഗ്ദ്ധ തൊഴിലാളിയുടെ വേതനമായ 21000 രൂപ ലഭിച്ചിട്ടില്ല എന്ന് അറിയാൻ സാധിച്ചു.

2. കിണർ നിർമാണം

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| DW/149805 | കിണർ നിർമാണം | 07/11/18 | 27/11/18 | 31000 | 20188 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | |
|---|---|---|---|---|
| 1 | ശാന്ത രാജു | കിണർ നിർമാണം | 7.6302 m3 | മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള ലെങ്ത്തും ബ്രെഡ്ത്തും ഉണ്ടായിരുന്നു. |
| 2 | വത്സല കൃഷ്ണൻ | കിണർ നിർമാണം | | |

.

- മിഷർമെൻറ് ബുക്ക് പ്രകാരം രണ്ടു കിണറുകൾക്കും കൂടിയുള്ള തുകയും അളവുകളും ഒരുമിച്ച് ആണ് രേഖപെടുത്തിയിരിക്കുന്നത്.
- കിണറുപണി പൂർത്തീകരിച്ചിരിക്കുന്നു. കിണറിൽ വെള്ളം ഉണ്ടായിരുന്നു. വല ഉപയോഗിച്ച് കിണർ മൂടി ഇരിക്കുന്നു.അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനവും അർദ്ധ വിദഗ്ദ്ധ തൊഴിലാളിയുടെ വേതനവും ലഭിച്ചിട്ടുണ്ട്.

## 3.കിണർ നിർമാണം

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| IF/381849 | കിണർ നിർമാണം | 28/02/19 | 18/03/19 | 30000 | 28678 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | |
|---|---|---|---|---|
| 1 | ഉഷ മണി | കിണർ നിർമാണം | 7.6302 m3 | മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള ലെങ്ത്തും ബ്രെഡ്ത്തും ഉണ്ടായിരുന്നു. |
| 2 | രജനി ശശി | കിണർ | | |

| | | | | |
|---|---|---|---|---|
| | | നിർമാണം | | |

.

- മിഷർമെൻറ് ബുക്ക് പ്രകാരം രണ്ടു കിണറുകൾക്കും കൂടിയുള്ള തുകയും അളവുകളും ഒരുമിച്ച് ആണ് രേഖപെടുത്തിയിരിക്കുന്നത്.
- അവിദഗ്ദ തൊഴിലാളികടെ വേതനമായ 4878 രൂപയാണ് ലഭിച്ചിട്ടുള്ളത്.
- അർദ്ധ വിദഗ്ദ്ധ തൊഴിലാളിയുടെ വേതനമായ 23800 രൂപ ലഭിച്ചിട്ടില്ല എന്ന് അറിയാൻ സാധിച്ചു.

<u>4.കിണർ നിർമാണം</u>

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| IF/353388 | കിണർ നിർമാണം | 07/11/18 | 14/12/18 | 25700 | 23394 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | |
|---|---|---|---|---|
| 1 | രാജമ്മ വാസുദേവൻ | കിണർ നിർമാണം | | മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള |

| | | | | |
|---|---|---|---|---|
| 2 | ജലജ | കിണർ നിർമാണം | 7.6302 m3 | ലെങ്ത്തും ബ്രെഡ്ത്തും ഉണ്ടായിരുന്നു. |

.

- മിഷർമെൻറ് ബുക്ക് പ്രകാരം രണ്ടു കിണറുകൾക്കും കൂടിയുള്ള തുകയും അളവുകളും ഒരുമിച്ച് ആണ് രേഖപെടുത്തിയിരിക്കുന്നത്.
- അവിദഗ്ദ തൊഴിലാളികടെ വേതനമായ 3794 രൂപയാണ് ലഭിച്ചിട്ടുള്ളത്.
- അർദ്ധ വിദഗ്ദ്ധ തൊഴിലാളിയുടെ വേതനമായ 19600 രൂപ ലഭിച്ചിട്ടില്ല എന്ന് അറിയാൻ സാധിച്ചു.

**5-ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| WC/334902 | ചെറുകിട നാമമാത്ര കർഷകരുടെ | 11/12/18 | 01/03/19 | 247000 | 213739 |

| | | | | | |
|---|---|---|---|---|---|
| | ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | | | | |

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | തങ്കപ്പൻ | കൃഷിക്ക് നിലമൊരുക്കൽ | 569 m2 | - | പലയിടങ്ങളിലായി വ്യത്യസ്ഥ അളവിൽ നിലമൊരുക്കൽ ചെയ്യതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല |
| 2 | ജയൻ | കൃഷിക്ക് നിലമൊരുക്കൽ | 672 m2 | | മഴ മൂലം വാരം മാടിയത് എല്ലാം തന്നെ പോയൊരുന്നു. കൃഷിഭൂമി ഒരുക്കൽ |

| | | | | | |
|---|---|---|---|---|---|
| | | | | | നന്നായി ചെയ്തിരുന്നു എന്നു മനസ്സിലാക്കി. |
| 3 | എൽസി | കൃഷിക്ക് നിലമൊരുക്കൽ | 551 m2 | | കൃഷിഭൂമി ഒരുക്കി നൽകിയിരുന്നു. ജാതിക്ക് തടം എടുക്കൽ, വാഴ നടാൻ കുഴികൾ എടുത്തു നൽകിയിരുന്നു. |
| 4 | സജീവൻ | കൃഷി നിലമൊരുക്കൽ | 224 m2 | - | കൃഷിഭൂമി ഒരുക്കി നൽകിയിരുന്നു. ജാതിക്ക് തടം എടുക്കൽ, വാഴ നടാൻ കുഴികൾ എടുത്തു നൽകിയിരുന്നു |

| | | | | | |
|---|---|---|---|---|---|
| 5 | സന്തോഷ് | കൃഷിക്ക് നിലമൊരുക്കൽ | 1400 m2 | -- | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല |
| 7 | ദാസൻ | കൃഷിക്ക് നിലമൊരുക്കൽ | 150 m2 | -- | കൃഷിക്കായി ഭൂമി നല്ല രീതിയിൽ ഒരുക്കി നൽകിയിരുന്നു. |
| 8 | വത്സ | കൃഷിക്ക് നിലമൊരുക്കൽ | 100 m2 | - | കൃഷി ഭൂമി ഒരുക്കി നൽകിയിരുന്നു. |
| 9 | വിജയൻ | കൃഷിക്ക് നിലമൊരുക്കൽ | 336 m2 | - | ഉടമസ്ഥർക് നല്ലഅഭിപ്രായം കൃഷി ഭൂമി |

| | | | | | |
|---|---|---|---|---|---|
| | | | | | ഒരുക്കി<br>നൽകിയിരുന്നു<br>. |
| 10 | പൗലോസ് | കൃഷിക്ക്<br>നിലമൊരു<br>ക്കൽ | 572 m2 | - | പലയിടങ്ങളി<br>ലായി വ്യത്യസ്ത<br>അളവിൽ<br>നിലമൊരുക്ക<br>ൽ<br>ചെയ്തതിനാൽ<br>കൃത്യമായി<br>അളന്നു<br>തിട്ടപ്പെടുത്താ<br>ൻ സാധിക്കില്ല<br>കൃഷി ഭൂമി നല്ല<br>രീതിയിൽ<br>ഒരുക്കി<br>നൽകിയിരുന്നു |
| 11 | സാജു | കൃഷിക്ക്<br>നിലമൊരു<br>ക്കൽ | 169 m2 | | കൃഷിഭൂമി നല്ല<br>രീതിയിൽ<br>ഒരുക്കി<br>നൽകിയിരുന്നു |

- മെഷർമെൻറ് ബുക്ക് പ്രകാരമുള്ള പ്രവർത്തികൾക്കും കൂടുതലായി വസ്തുവിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്ന അളവിലുള്ള വാരം എടുക്കലും തടം എടുക്കലും മൺകൂനകളും ആ കൃഷിയിടത്ത് ആവശ്യമുള്ള മറ്റ്പ്രവർത്തികളുമാണ് കൂടുതലും ചെയ്തിരുന്നത് ..അതിനാൽ കൃത്യമായ അളവ് എടുക്കാൻ സാധിച്ചിട്ടില്ല.

- മിഷർമെൻറ് ബുക്ക് പ്രകാരം കൃഷിഭൂമിക്ക് നിലമൊരുക്കൽ എന്ന പ്രവർത്തിയാണ് നടത്തിയിട്ടുള്ളത്.മഴക്കുഴികൾ ഒന്നും ഉണ്ടായിരുന്നില്ല. ഭൂമി ഉടമസ്ഥരുടെ ആവശ്യപ്രകാരം പലയിടത്തായി പ്രവർത്തികൾ ചെയ്യുന്നതിനാൽ ഉം മെഷർമെന്റ് ബുക്കിൽ പറഞ്ഞ രീതിയിലുള്ള കൃത്യം അളവുകളും അല്ല തൊഴിലാളികൾ ചെയ്യുന്നത്.അതിനാൽ കൃഷിക്ക് അനുയോജ്യം ആക്കൽ എന്ന പ്രവർത്തിയുടെ അളവിൽ വ്യക്തതയില്ല.
- കൃഷിക് അനുയോഗ്യമാക്കി നൽകിയ സ്ഥലത്തു എല്ലാം തന്നെ നല്ലരീതിയിൽ കൃഷി ചെയ്തിട്ടുണ്ട്. തെങ്ങ്, ജാതി, കവുങ്ങ്, വാഴ എന്നീ കൃഷികൾ ചെയ്തുവരുന്നു.മഴ മൂലം കുറച്ചു നാശം സംഭവിച്ചെങ്കിലും എല്ലാവരും പ്രവർത്തിയെ കുറിച്ച് നല്ല അഭിപ്രായം ആണ് പറഞ്ഞത്. പണിക്കായി തൊഴിലാളികൾ ഇപ്പോൾ വരുന്നില്ല എന്ന പരാതിയാണ് ഭൂമി ഉടമസ്ഥർക്ക്.
- പ്രവർത്തി സ്ഥലങ്ങളിൽ ഒന്നും CIB ബോർഡ് കാണാൻ സാധിച്ചില്ല.

## <u>6- മത്സ്യ വകുപ്പുമായി സംയോജിച് മത്സ്യ കൃഷിക് അടിസ്ഥാന സൗകര്യമൊരുക്കൽ</u>

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| FR/247119 | മത്സ്യ വകുപ്പുമായി സംയോജിച് മത്സ്യ കൃഷിക് അടിസ്ഥാന സൗകര്യമൊരുക്കൽ | 07/11/18 | 02/01/19 | 42500 | 32258 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകൾ | പരിശോധനയിൽ ലഭിച്ച അളവുകൾ | റിമാർക്സ് |
|---|---|---|---|---|---|
| 1 | കുമാരി ഗണേശൻ | പടുതകുളം നിർമാണം | 20.25 m3 | 24.65 m3 | മത്സ്യ കൃഷി നല്ല രീതിയിൽ നടത്തിവരുന്നു. |
| 2 | മോളി വർഗീസ് | പടുതകുളം നിർമാണം | 20.35 m3 | 28.48 m3 | കുളം ഉപയോഗ്യ ശൂന്യമായി ഇട്ടിരിക്കുക ആയിരുന്നു. |
| 3 | ലില്ലി ജോസ് | പടുതകുളം നിർമാ | 20.25 m3 | 26.35 m3 | കുളം ഉപയോഗ്യ ശൂന്യമായി |

| | | | | | |
|---|---|---|---|---|---|
| | | ണം | | | ഇട്ടിരിക്കുക ആയിരുന്നു. |

- CIB ബോർഡ് കാണാൻ സാധിച്ചു.
- ഒരു കുളം നിർമിക്കാൻ ഏകദേശം ചെലവാകുന്ന തുക 9756 രൂപയാണ്. രണ്ടു കുളമാണ് ഉപയോഗശൂന്യമായി കിടക്കുന്നത്

## <u>7. പ്രകൃതി ക്ഷോഭവും വെള്ളപ്പൊക്കവും ബാധിച്ച ദുരിത ബാധിത പ്രദേശങ്ങളിൽ കാനകളുടെയും തൊടുകളുടെയും പുനരുദ്ധാരണം</u>

| പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റഡ് തുക | ചിലവായ തുക |
|---|---|---|---|---|
| FP/306848 | 11/01/19 | 23/01/19 | 178000 | 174543 |

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | മെഷർമെൻറ് ബുക്ക് പ്രകാരം ഉള്ള അളവ് (നീളം ) | പരിശോധനയിൽ കണ്ട അളവ് (നീളം ) | റിമാർക്സ് |
|---|---|---|---|---|
| 1 | മുട്ടുകുഴി തോട് | 880 m | 540 m | കാടും അഴുക് വെള്ളവും നിറഞ്ഞ പ്രദേശവും |

| | | | | |
|---|---|---|---|---|
| | | | | ആയതിനാൽ അളവ് കൃത്യമായി എടുക്കാൻ സാധിച്ചില്ല. തോട് നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി. |
| 2 | തോട്ടുപാടം തോട് | 470 m | 380 m | കാടും അഴുക് വെള്ളവും നിറഞ്ഞ പ്രദേശവും ആയതിനാൽ അളവ് കൃത്യമായി എടുക്കാൻ സാധിച്ചില്ല. തോട് നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി. |

- ഫീഡർ ചാനലിന്റെ ആകെ ഏരിയ 4409.50 m2 ആണ്. എന്നാൽ തോടിൽ നിറയെ വെള്ളം ആയതിനാലും തോട് സൈഡിലൂടെ നടക്കാൻ പറ്റാത്ത അവസ്ഥയിൽ ആയതിനാലും ഇതിന്റെ അളവ് എടുക്കാൻ സാധിച്ചില്ല.

ചിലവായ തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| വേതനം | 170188 |
| ആയുധങ്ങൾ | 1365 |
| CIB ബോർഡ് | 2990 |
| ആകെ തുക | 174543 |

- CIB ബോർഡ് കാണാൻ സാധിച്ചില്ല.

**8. പെരിയാർ വാലി കനാൽ (ചേരാനെല്ലൂർ ബ്രാഞ്ച് )**പുനരുദ്ധാരണം

| പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റഡ് തുക | ചിലവായ തുക |
|---|---|---|---|---|
| IC/317823 | 16/10/18 | 24/10/18 | 117000 | 114264 |

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | മെഷർമെൻറ് ബുക്ക് പ്രകാരം ഉള്ള അളവ് (നീളം ) | പരിശോധനയിൽ കണ്ട അളവ് (നീളം ) | റിമാർക്സ് |
|---|---|---|---|---|
| 1 | പെരിയാർ വാലി കനാൽ | 890 m | 810 m | ഇപ്പോൾ കാടു കയറി കിടക്കുന്നുണ്ട്. തൊഴിലാളികൾ നന്നായി വൃത്തിയാക്കിയിരുന്നു എന്ന് |

| | | | | |
|---|---|---|---|---|
| | | | | അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി. |

| ചിലവായ തുകയുടെ വിശദാംശങ്ങൾ | |
|---|---|
| വേതനം | 110839 |
| ആയുധങ്ങൾ | 435 |
| CIB ബോർഡ് | 2990 |
| ആകെ തുക | 114264 |

- ഇപ്പോൾ കാടു കയറി കിടക്കുന്നുണ്ട്. തൊഴിലാളികൾ നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി.
- CIB ബോർഡ് കാണാൻ സാധിച്ചു.

## **9- കൃഷി വകുപ്പുമായി സംയോജിച് jlg പാട്ടത്തിനു എടുത്ത സ്ഥലം കൃഷിക് അനുയോജ്യമാക്കൽ**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റ്റിമേയ്റ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| LD/236499 | കൃഷി വകുപ്പുമായി സംയോജിച് jlg പാട്ടത്തിനു എടുത്ത സ്ഥലം കൃഷിക് അനുയോജ്യമാക്കൽ | 13/03/19 | 28/03/19 | 199000 | 160712 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകൾ | പരിശോധനയിൽ ലഭിച്ച അളവുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മണി | കൃഷി ഭൂമി ഒരുക്കൽ | 1264 m2 | 1202 m2 | |
| 2 | ബിജു | കൃഷി ഭൂമി ഒരുക്കൽ | 624 m2 | 580 m2 | |
| 3 | സുകുമാരൻ | കൃഷി ഭൂമി ഒരുക്കൽ | 617 m2 | - | . നെൽകൃഷി ഭൂമിയിൽ വെള്ളം നിറഞ്ഞു |

| | | | | | |
|---|---|---|---|---|---|
| | | | | | നിന്നതിനാൽ അളവുകൾ കൃത്യമായി എടുക്കാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നു |
| 4 | മിനി | കൃഷി ഭൂമി ഒരുക്കൽ | 684 m2 | - | നെൽകൃഷി ഭൂമിയിൽ വെള്ളം നിറഞ്ഞു നിന്നതിനാൽ അളവുകൾ കൃത്യമായി എടുക്കാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നു |
| 5 | സിബി പീറ്റർ | കൃഷി ഭൂമി ഒരുക്കൽ | 305m2 | 324 m2 | |

- നെൽകൃഷി ഭൂമിയിൽ വെള്ളം നിറഞ്ഞു നിന്നതിനാൽ അളവുകൾ കൃത്യമായി എടുക്കാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നു. കൃഷി നല്ല രീതിയിൽ ചെയ്തിട്ടുണ്ട്.
- CIB ബോർഡ് കാണാൻ സാധിച്ചില്ല

**10.ക്ഷീര വകുപ്പുമായി സംയോജിച്ചു തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| IF/313973 | ക്ഷീര വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽകൃഷിക്ക് നിലമൊരുക്കൽ | 05/12/18 | 15/12/18 | 97000 | 95268 |

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തനം | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | വിൽസൺ | തീറ്റ പുല്ല് കൃഷിക്ക് നിലം | 198 m2 | 160 m2 | നല്ല രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്തിരുന്നത് |

| | | | | | |
|---|---|---|---|---|---|
| | | ഒരുക്കൽ | | | കാണാൻ സാധിച്ചു. |
| 2 | ദേവസി | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 848 m2 | - | പുല്ലു നട്ടത് ഒന്നും തന്നെ കാണാൻ സാധിച്ചില്ല. വേനലിൽ കുടിവെള്ള ക്ഷാമം ഉള്ള പ്രദേശം ആയതിനാൽ പുൽക്കൃഷി പരിപാലിക്കാൻ കഴിഞ്ഞില്ല. |
| 3 | വർഗീസ് | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 219 m2 | - | തീറ്റപ്പുൽ കൃഷി ഒന്നും കാണാൻ സാധിച്ചില്ല.മഴവെള്ളത്തിൽ നശിച്ചു. താഴ്ന്ന പ്രദേശം. |
| 4 | ഏലിയാ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 96 m2 | | വെയിൽ മൂലം കൃഷി നാശം സംഭവിച്ച സ്ഥലം ആയിരുന്നു. |
| | അൽഫോൻസാ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 77 m2 | - | പുല്ലു നട്ടത് ഒന്നും തന്നെ കാണാൻ സാധിച്ചില്ല. വേനലിൽ കുടിവെള്ള ക്ഷാമം ഉള്ള പ്രദേശം ആയതിനാൽ |

| | | | | | |
|---|---|---|---|---|---|
| | | | | | പുൽക്കൃഷി പരിപാലിക്കാൻ കഴിഞ്ഞില്ല. |
| | ദേവസികുട്ടി | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 80 | - | പുല്ലു നട്ടത് ഒന്നും തന്നെ കാണാൻ സാധിച്ചില്ല. വേനലിൽ കുടിവെള്ള ക്ഷാമം ഉള്ള പ്രദേശം ആയതിനാൽ പുൽക്കൃഷി പരിപാലിക്കാൻ കഴിഞ്ഞില്ല. |
| 5 | മണി | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 149 m2 | 50 m2 | ഭാഗീകം ആയീ തീറ്റപ്പുൽ കൃഷി ചെയ്തിരുന്നത് കാണാൻ സാധിച്ചു. |

- തീറ്റപ്പുൽകൃഷി ചെയ്ത എല്ലാ സ്ഥലവും തന്നെ പശുക്കളുള്ള വീടുകളായിരുന്നു. എന്നാൽ രണ്ടു സ്ഥലത്ത് മാത്രമാണ് കൃഷി നല്ല രീതിയിൽ കാണാൻ സാധിച്ചത്. വീട്ടുടമസ്ഥൻ നിന്നും അറിയാൻ സാധിച്ചത് ഡിസംബറിൽ ആണ് പുല്ലിടെ തൈകൾ നട്ടത്. അതിനുശേഷമുള്ള കൊടുംവെയിലിൽ വേണ്ടരീതിയിൽ

വെള്ളമൊഴിച്ച് പരിപാലിക്കാൻ സാധിച്ചില്ല. ഈ പ്രദേശങ്ങളിലെല്ലാം തന്നെ കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങളാണ്.കുറച്ചു സ്ഥലത്തു മഴ മൂലം വെള്ളം കെട്ടി നിന്ന് കൃഷി നശിച്ചത് എന്ന് അറിയാൻ സാധിച്ചു.

- പ്രവർത്തി സ്ഥലത്ത് CIB കാണാൻ സാധിച്ചു.

## 11. പൊതു/ സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നടീലും സംരക്ഷണവും

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| DP/171786 | പൊതു /സ്വകാര്യ ഭൂമിയിൽ വൃക്ഷ തൈകൾ നടീലും സംരക്ഷണവും | 30/10/18 | 5/11/18 | 56600 | 27922 |

| ക്രമ നമ്പർ | പ്രവർത്തി നടന്ന സ്ഥലം | എസ്റ്റിമേറ്റ് പ്രകാരം ഉള്ള തൈയുടെ എണ്ണം | ഫീൽഡിൽ കാണാൻ സാധിച്ച തൈയുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | പെരിയാർ വാലി കനാൽ | | | കനാൽ ബണ്ടിൽ ചുറ്റും കാടു കയറി |

| | | | | |
|---|---|---|---|---|
| | ബഡിൽ വച്ചു പിടിപ്പിച്ചത് | 250 | 12 | മൂടി കിടക്കുന്നു. തൈകൾ പലതും വെയിലത്തു നശിച്ചു പോയതായി കനാൽ പ്രദേശത്തെ ആളുകൾ പറഞ്ഞു . |
| 2 | APL കുടുംബത്തിൽ വച്ച തൈകൾ | 682 | 100 | 5 ഉം 6ഉം തൈകൾ വീതം നട്ടു എന്ന് വീട്ടുകാർ പറഞ്ഞു എന്നാൽ ഒന്ന് രണ്ടു എണ്ണം മാത്രം കാണാൻ സാധിച്ചു. പലതും വെയിലത്ത് വാടി പോയി എന്ന് ഉടമസ്ഥർ പറഞ്ഞു |
| 3 | BPL കുടുംബത്തിൽ വച്ച തൈകൾ | 68 | 20 | 5ഉം 6ഉം തൈകൾ വീതം നട്ടു എന്ന് വീട്ടുകാർ പറഞ്ഞു എന്നാൽ ഒന്ന് രണ്ടു എണ്ണം മാത്രം കാണാൻ സാധിച്ചു. |

- കനാൽ ബണ്ടിനെ പരിസരം വളരെ കാടുമൂടിയ രീതിയിൽ ആണ് കാണാൻ സാധിച്ചത്. അതുകൊണ്ടുതന്നെ വൃക്ഷത്തൈകൾ എണ്ണിത്തിട്ടപ്പെടുത്താൻ ഉം സാധിക്കുമായിരുന്നില്ല. കൂടാതെ തൈകൾ നട്ട് അതിനുശേഷം അവ

നയിക്കാനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ട് കൊടും വെയിലത്തു നശിക്കാൻ ഇടയായി എന്ന് ബണ്ടിന്റെ അടുത്ത് താമസിക്കുന്നവർ അഭിപ്രായപ്പെട്ടു.

- വീടുകളിൽ നടത്തും ഇത് തന്നെ ആണ് അവസ്ഥ. ചൂട് സമയത്ത് വെള്ളത്തിന്റെ ഷാമം ഉണ്ടായിരുന്നു. അതിനാൽ പരിപാലിക്കാൻ സാധിച്ചില്ല.
- CIB ബോർഡ് ഉണ്ടായിരുന്നു.

## പൊതുവായ കണ്ടെത്തലുകളും നിരീക്ഷണങ്ങളും

- ഫയലുകളിൽ ഡോക്യൂമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദാർഹമാണ്
- ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു. കൂടുതൽ ഉപയോഗ്യ പ്രദമായ പ്രവർത്തികൾ ഏറ്റെടുക്കേണ്ടതുണ്ട്. പൊതുവായി ചർച്ചകൾ നടത്തി പ്രവർത്തികൾ കണ്ടു പിടിക്കണം.
- പൊതു ജനങ്ങളുടെ പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ് .വാർഡിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മ യും ഉറപ്പു വരുത്തേണ്ടതാണ്.

- തോടുകൾ കാനകൾ പണിതപ്പോൾ ബൂട്ട് കൈയുറ എന്നിവ ലഭിച്ചിട്ടില്ല.
- ഒരു പ്രവർത്തിയിൽ മാത്രം CIB ബോർഡ് കാണാൻ സാധിച്ചില്ല.2990 രൂപയാണ് ഒരു ബോർഡിന് ചെലവാകുന്നത്
- ഫയലിൽ ഡോക്യൂമെന്റസ് എല്ലാം നന്നായി സൂക്ഷിച്ചത് അഭിനന്ദാർഹമാണ്.
- എല്ലാ തൊഴിലാളികളുടെയും തൊഴിൽ കാർഡിൽ കാർഡ് നമ്പർ, സീൽ, ഫോട്ടോ ഉണ്ടായിരുന്നു.
- കൂടുതൽ തൊഴിലാളികളുടെ ബാങ്ക് പാസ്സ്ബുക്കിൽ അക്കൗണ്ട് ട്രാൻസാക്ഷൻസ് പതിപ്പിച്ചിട്ടില്ലായിരുന്നു.

- തൊഴിലുറപ്പ് നിയമപ്രകാരം ഒരു വ്യക്തിക്ക് 100 തൊഴിൽ എന്നാണ്, 100 പണി കിട്ടയവർ ആരും തന്നെ വാർഡ് 6 ൽ ഇല്ല.
- തൊഴിലുറപ്പ് നിയമപ്രകാരമുള്ള 10 അവകാശങ്ങളെ കുറിച്ച് തൊഴിലാളികൾക്ക് ധാരണ ഇല്ലായിരുന്നു


- തൊഴിലുറപ്പ് നിയമപ്രകാരം ഒരു വ്യക്തിക്ക് 100 തൊഴിൽ എന്നാണ്, 100 പണി കിട്ടയവർ ആരും തന്നെ വാർഡ് 6 ൽ ഇല്ല.
- തൊഴിലുറപ്പ് നിയമപ്രകാരമുള്ള 10 അവകാശങ്ങളെ കുറിച്ച് തൊഴിലാളികൾക്ക് ധാരണ ഇല്ലായിരുന്നു


## നന്ദി

ഒക്കൽ ഗ്രാമ പഞ്ചായത്തിലെ 2018-19 സാമ്പത്തീക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപെട്ട പഞ്ചായത്ത് പ്രസിഡന്റ് , സെകട്ടറി അസിസ്റ്റന്റ് സെകട്ടറി, ഭരണസമിതി അംഗങ്ങൾ,വാർഡ് മെമ്പർ , തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ , ഫീൽഡു തല പ്രവർത്തനങ്ങൾക് സഹായിച്ച മേറ്റ്മാർ തൊഴിലാളികൾ പൊതുജനങ്ങൾ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപെടുത്തുന്നു.

## <u>ഒക്കൽ ഗ്രാമപഞ്ചായത്ത് -വാർഡ് 6</u>

## <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

## <u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ മിനിറ്റ്സ്</u>

കൂവപ്പടി ബ്ലോക്കിലെ ഒക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 6 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 02/11/2019 ൽ സെന്റ് ജോർജ് L.P സ്കൂൾ കൂടാലപ്പാട് രാവിലെ 10.30 am നു ആരംഭിച്ചു.

വാർഡ് മെമ്പർ, തൊഴിലുറപ്പ് വിഭാഗം AE, കുടുംബശ്രീ പ്രവർത്തകർ, ആശ പ്രവർത്തകർ, തൊഴിലാളികൾ എന്നിവർ പങ്കെടുത്തു. വാർഡിലെ തൊഴിലാളിയായ ശ്രീമതി സിജി സന്തോഷിനെ അധ്യക്ഷയായി തിരഞ്ഞെടുത്തു. ശേഷം ഈശ്വര

പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. ഭരണഘടനാ പ്രതിജ്ഞ എല്ലാവർക്കും ചൊല്ലിക്കൊടുത്തു. സ്വാഗത പ്രസംഗത്തിന് ശേഷം വാർഡ് മെമ്പർ യോഗ നടപടികൾ ഉൽഘാടനം ചെയ്തു സംസാരിച്ചു. Vrp രഞ്ജു സോഷ്യൽ ഓഡിറ്റ് നെ കുറിച്ച് ഒരു ആമുഖം അവതരിപ്പിച്ചു. തുടർന്ന് Vrp ജൂബി, രഞ്ജു എന്നിവർ റിപോർട്ടുകൾ അവതരിപ്പിച്ചു.

റിപ്പോർട്ട്: പരിശോധിച്ച 11 ഫയലിലെ പ്രവർത്തി സ്ഥലം പരിശോധിച്ചതിൽ നിന്നും ലഭിച്ച വിവരങ്ങൾ വിശദീകരിച്ചു.AMC പ്രകാരം ഒരു ഫയലിൽ കാണേണ്ട 22 ഡോക്യൂമെൻ്റ്സിൽ ഏതെല്ലാമാണ് പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചത് എന്ന് വിശദീകരിച്ചു. റിപ്പോർട്ട് അവതരണത്തിനു ശേഷം അവകാശ അധിഷ്ഠിത നിരീക്ഷണങ്ങളും പൊതുവായി കണ്ട പ്രധാന നിരീക്ഷണങ്ങളും അവതരിപ്പിച്ചു.

- പ്രധാന നിരീക്ഷണങ്ങൾ
- ഫയലുകളിൽ ഡോക്യൂമെൻസ് സൂക്ഷിക്കുന്നതിനും, രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദനാർഹമാണ്.
- തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിന് ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
- ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തനവിരസത കാണുന്നു.
- പ്രവർത്തി ഇടങ്ങളിൽ തണൽ, പ്രഥമ ശുശ്രൂഷ കിറ്റുകൾ, വെള്ളം എന്നിവ ലഭ്യമാണ്.
- 11 പ്രവർത്തികളിൽ ഒന്നിൽ മാത്രം CIB ബോർഡ് കാണാൻ സാധിച്ചില്ല.
- തോടുകൾ കാനകൾ എന്നിവ പണിതപ്പോൾ ബൂട്ട് കൈയുറ എന്നിവർ കിട്ടിയവർ വളരെ കുറവായിരുന്നു.
- ഡിമാൻഡ് ഫോമിൽ എന്നു മുതൽ എന്നു വരെ തൊഴിൽ വേണം, അപേക്ഷ കൊടുത്ത് തീയതി എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.അതിനാൽ കൃത്യമായി 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്ന് വ്യക്തമല്ല.
- അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം കിട്ടാൻ താമസം നേരിടുന്നു.

- 100 തൊഴിൽ ദിനങ്ങൾ കിട്ടിയവർ കുറവാണ്.
- തുടർന്ന് റിപ്പോർട്ടിന്മേൽ ചർച്ച നടന്നു.
- ചർച്ചയിൽ ഉന്നയിച്ച പ്രശ്നങ്ങളും അതിന്മേൽ ഉണ്ടായ തീരുമാനങ്ങളും
- കാലാനുസൃതമായി തൊഴിൽ ലഭിക്കണം എന്നതായിരുന്നു തൊഴിലാളികൾ ഉന്നയിച്ച പ്രധാന പ്രശ്നം. വൃക്ഷ തൈകൾ നടുന്ന പ്രവർത്തി കിട്ടിയത് വേനൽ കാലത്തു കുടിവെള്ള ക്ഷാമം നേരിടുന്ന സമയത്തു ആണ്. അങ്ങനെ കിട്ടിയാൽ അത് സംരക്ഷിക്കൽ ബുദ്ധിമുട്ട് ആണ് എന്ന് തൊഴിലാളികൾ അഭിപ്രയപെട്ടു.
- ബൂട്ട്, കയ്യുറ, പ്രാഥമിക ശുശ്രൂഷ കിറ്റ് എന്നിവയുടെ കുറവുണ്ടെങ്കിൽ ADS ഫണ്ട് അതിനു വിനിയോഗിക്കണമെന്ന് AE പറഞ്ഞു. പഞ്ചായത്തിൽ നിന്നും തന്ന ബൂട്ട്കൈയുറ എന്നിവയ്ക്ക് നാശം സംഭവിച്ചിട്ടുണ്ട് എങ്കിൽ അത് കൃത്യമായി റിപ്പോർട്ട് ചെയ്താൽ മാത്രമേ പുതിയത് വാങ്ങാനുള്ള നടപടി എടുക്കാൻ പറ്റുകയുള്ളൂ എന്നും പറഞ്ഞു.
- തോട് കാന മഴക്കാല പ്രവൃത്തികൾ ചെയ്യുമ്പോൾ പ്രതിരോധ ഗുളികകൾ നൽകേണ്ടതാണ് എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. ആശ പ്രവർത്തകരുമായി സഹകരിച്ചു പ്രതിരോധ ഗുളികകൾ എത്തിക്കുന്നുണ്ട്. അതിൽ എന്തെങ്കിലും കുറവ് ഉണ്ടെങ്കിൽ അത് ശ്രദ്ധിക്കാം എന്നും അത് വാങ്ങി കഴിക്കാൻ തൊഴിലാളികൾ വിസമ്മതിക്കുന്നുണ്ട് എന്നും AE പറഞ്ഞു.
- 100 തൊഴിൽ ദിനങ്ങൾ കിട്ടാൻ വേണ്ടി ഗ്രാമസഭകളിൽ കൂടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്താൻ തൊഴിലാളികൾ മുൻകൈ എടുക്കണമെന്ന് AE നിർദ്ദേശിച്ചു.വ്യക്തിഗത വർക്കുകൾ ആയ ആട്ടിൻ കൂട്, തൊഴുത്ത് എല്ലാം കൂടുതൽ ചെയ്യാൻ നോക്കണം എന്നും നിർദ്ദേശിച്ചു. എന്നാൽ വ്യക്തകത വർക്ക് മെറ്റീരിയൽ വർക്ക് ആയതിനാൽ അതിന്റെ പൈസ ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ആണ് ആരും തന്നെ അതിനു മുന്നിട്ട് ഇറങ്ങാത്തത് എന്ന് വാർഡ് മെമ്പർ പറഞ്ഞു.
- കൂടുതൽ മാൻഡേസ് വരുന്ന മാസ്റ്ററോള് നേരത്തെ തരണം എന്ന് മേറ്റുമാർ പറഞ്ഞു. മാസ്റ്ററോള് വൈകിയാൽ മാർച്ചിൽ അത് ക്ലോസ് ചെയുമ്പോൾ അതിൽ ബാക്കി വരുന്ന മാൻഡേസ് നഷ്ടമാകുന്നു എന്ന് അവർ പറഞ്ഞു.

- ഒക്കൽ പഞ്ചായത്തിന്റെയും കൂവപ്പടി പഞ്ചായത്തിന്റെയും അതിർത്തി പ്രദേശം ആയതിനാൽ കുറച്ചു പേരുടെ സ്ഥലം കിടക്കുന്നത് കൂവപ്പടി പഞ്ചായത്തിൽ ആണ്. അവിടെ പണി ചെയ്യാൻ പറ്റുമോ എന്നു തൊഴിലാളികൾ ചോദിച്ചു. അങ്ങനെ ചെയ്യാൻ പറ്റില്ല, അതിനു സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ട് എന്നാണ് AE മറുപടി നൽകിയത്.
- തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി jlg ഗ്രൂപ്പുകൾ രൂപീകരിച്ച വർക്കുകൾ കണ്ടെത്തണമെന്നും നിർദേശിച്ചു.jlg ഗ്രൂപ്പുകൾ നന്നായി പ്രവർത്തിക്കുന്ന ഒരു വാർഡ് ആണ് ഇതെന്നും AE പരാമർശിച്ചു. ഒരു വർക്ക് ചെയ്യുകയാണെങ്കിൽ അത് ഉപഭോക്താക്കൾക്ക് ഉപയോഗപ്രദം ആണോ എന്ന് വിശകലനം ചെയ്യണം എന്നും പറഞ്ഞു. വ്യക്തിഗത വർക്കുകൾ ചെയ്യുമ്പോൾ അത് പരിപാലിക്കാൻ കഴിയുമെങ്കിൽ മാത്രം ചെയ്യേണ്ടതാണ് എന്ന നിർദ്ദേശവും വച്ചു.

- CIB ബോർഡ് കോൺട്രാക്ട് കൊടുത്തിരുന്ന സ്ഥലത്തുനിന്നും ലഭിക്കാൻ വൈകുന്നതു മൂലമാണ് വക്കാൻ താമസം നേരിടുന്നത് എന്ന് AE പറഞ്ഞു.
- വാർഡിലെ പ്രവർത്തിയായ മത്സ്യ കുള നിർമാണത്തിൽ 2 എണ്ണം ഉപയോഗശൂന്യമായി കിടക്കുന്നത് എത്രയും പെട്ടെന്നു ശരിയാക്കി ഉപയോഗിക്കണം എന്ന് AE നിർദ്ദേശിച്ചു.

ശേഷം Drp ജൂലി സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭയെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായി മനസ്സിലാക്കി കൊടുത്തു. വർക്കുകൾ കണ്ടെത്തി അടുത്ത സാമ്പത്തിക വർഷത്തിൽ എല്ലാവർക്കും 100 പണികൾ എന്ന ലക്ഷ്യം നേടിയെടുക്കണം എന്നും പറഞ്ഞു. തൊഴിലുറപ്പ് പദ്ധതി ജീവിതനിലവാരം മെച്ചപ്പെടുത്താനും ഒരു ഉപജീവനമാർഗ്ഗമായി കാണാനും നിർദ്ദേശിച്ചു. ഇങ്ങനെ ഒരു ഗ്രാമസഭ നടത്തിയതിൽ നിന്നും ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കൻ തൊഴിലാളികൾക്കു സാധിച്ചു എന്ന് വാർഡ് മെമ്പർ പരാമർശിച്ചു. വാർഡിലെ എല്ലാവരും ഇതുപോലുള്ള ഗ്രാമസഭ നടത്തുമ്പോൾ നിർബന്ധമായും പങ്കെടുക്കണം എന്നും നിർദേശിച്ചു. ചർച്ചയെ തുടർന്ന് ശ്രീമതി അജിതാ ബൈജു എല്ലാവർക്കും നന്ദി പറഞ്ഞു. ഗ്രാമസഭ റിപ്പോർട്ട് പാസാക്കി യോഗ നടപടികൾ അവസാനിപ്പിച്ചു.